# DESHABHIMANI - 16-07-2025



സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാനും ട്രൂബ്ലെൻഡ് ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ് ഡയറക്ടർ ലക്ഷ്മി ഇകാരത്ത് ചാരുദത്തും ധാരണപത്രം കൈമാറുന്നു. സിഫ്റ്റിലെ ശാസ്ത്രജ്ഞർ സമീപം

## ധാരണപത്രത്തിൽ ഒപ്പിട്ടു

**കൊച്ചി**

ആരോഗ്യകരമായ ലഘുഭക്ഷണങ്ങളുടെ ഉൽപ്പന്നനിർമാണത്തിന് ശാസ്ത്രീയവും സാങ്കേതികവുമായ പിന്തുണ നൽകാൻ കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐസിഎആർ സിഫ്റ്റ് കൊച്ചിയിലെ ട്രൂബ്ലെൻഡ് ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡുമായി ധാരണപത്രത്തിൽ ഒപ്പിട്ടു.

സീഡ് സൈക്ലിങ് ബാറുകൾ, നട്ട് ബട്ടർ ബൈറ്റ്സ് തുടങ്ങിയ ട്രൂബ്ലെൻഡിന്റെ ഉൽപ്പന്നങ്ങൾക്ക് സംഭരണ കാലാവധി (ഷെൽഫ് ലൈഫ്), പാക്കേജിങ്, പോഷകമൂല്യം, ഉൽപ്പന്ന ഗുണനിലവാരം എന്നിവ വർധിപ്പിക്കുന്നതിന് സിഫ്റ്റ് സഹായിക്കും.

സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാനും ട്രൂബ്ലെൻഡ് ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ ഡയറക്ടർ ലക്ഷ്മി ഇകാരത്ത് ചാരുദത്തുമാണ് ധാരണപത്രത്തിൽ ഒപ്പിട്ടത്.